# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 244** — **04/06/2018-ൽ മറുപടിക്ക്**

### നിപ വൈറസ് ബാധ തടയാൻ സ്വീകരിച്ച നടപടികൾ

**ചോദ്യം**

**ശ്രീ.കെ.സുരേഷ് കുറുപ്പ്**

എ) നിപ വൈറസ് കാരണമുള്ള പകർച്ച വ്യാധികൾ തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) നിപ വൈറസ് ബാധ ശ്രദ്ധയിൽപ്പെട്ടയുടൻ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കു വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് തുറന്നു പ്രവർത്തിപ്പിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽ നിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22.05.2018 ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക് ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണവകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്,

റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും പ്രാഥമികാരോഗ്യ കേന്ദ്രം ചെങ്ങരോത്ത് മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകി വരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപരോഗ ബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും, ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈയ്യുറകൾ. എപ്രോണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതു-ജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യസംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ അശാസ്ത്രീയ വാർത്തകൾ നൽകിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ബി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ